(ബി) എന്തെല്ലാം പദ്ധതികളാണ് മിഷൻവഴി നടപ്പാക്കാനുദ്ദേശിക്കുന്നത് ; വിശദാംശങ്ങൾ എന്തെല്ലാം ;

(സി) പദ്ധതികളെ സംബന്ധിച്ചുള്ള രൂപരേഖ തയ്യാറാക്കാൻ എന്തെല്ലാം നടപടികൾ എടുത്തിട്ടുണ്ട് ;

(ഡി) പദ്ധതികൾ സമയബന്ധിതമായി നടപ്പാക്കാൻ ഭരണതലത്തിൽ എന്തെല്ലാം നടപടികൾ എടുത്തിട്ടുണ്ട് ?

ഉത്തരം

(എ) ഉണ്ട്.

(ബി-ഡി) കേരള സംസ്ഥാന ശാസ്ത്ര സാങ്കേതിക പരിസ്ഥിതി കൗൺസിലിന്റെ ആഭിമുഖ്യത്തിൽ കാഴ്ചവൈകല്യം ഉള്ളവരുടെ ശാക്തീകരണത്തിനായി സെന്റർ ഫോർ അസിസ്റ്റീവ് ടെക്നോളജി എന്ന പേരിൽ ഒരു സ്ഥാപനം ഉടൻതന്നെ പ്രവർത്തനം ആരംഭിക്കുന്നതാണ്. ഇതിന്റെ പ്രാരംഭ പ്രവർത്തനങ്ങൾ തുടങ്ങുന്നതിന്റെ ഭാഗമായി കേരള ശാസ്ത്ര സാങ്കേതിക പരിസ്ഥിതി കൗൺസിലിൽ ഒരു കോ-ഓർഡിനേറ്ററെ ചുമതലപ്പെടുത്തുകയും 'Knowledge Partner'-നെ കണ്ടെത്തുകയും ചെയ്തിട്ടുണ്ട്. ശാസ്ത്ര ഭവനിൽ ഇതിനായി ഒരു ഓഫീസ് അനുവദിച്ചിട്ടുണ്ട്. പ്രസ്തുത സെന്റർ സാങ്കേതിക രംഗത്തുള്ള വിദഗ്ദ്ധരെ ഉൾപ്പെടുത്തി ഒരു ദേശീയ ഉപദേശക സമിതി രൂപീകരിക്കുകയും അന്ധർക്കായി വിവരവിനിമയ സാങ്കേതിക പരിശീലനം നൽകുവാനും തീരുമാനിച്ചിട്ടുണ്ട്. കമ്പ്യൂട്ടറിലും അസിസ്റ്റീവ് ടെക്നോളജിയിലും അന്ധർക്ക് പരിശീലനം നൽകുന്നതിനായി സെന്ററുകൾ തുടങ്ങാനും ഉദ്ദേശിക്കുന്നുണ്ട്. ഇതിന്റെ ആദ്യഘട്ടം 2014 ജൂലൈയിൽ ആരംഭിക്കുവാൻ കഴിയുമെന്ന് കരുതുന്നു.

## കേരള ശാസ്ത്ര സാങ്കേതിക പരിസ്ഥിതി കൗൺസിലിലെ പെൻഷൻ പദ്ധതി

37 (1697) ശ്രീ. വി. ശിവൻകുട്ടി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) കേരള ശാസ്ത്ര സാങ്കേതിക പരിസ്ഥിതി കൗൺസിലിൽ പെൻഷൻ പദ്ധതി നിലവിലുണ്ടോ ;

(ബി) ഉണ്ടെങ്കിൽ ആയതിന് സർക്കാർ നീക്കിവച്ചിട്ടുള്ള തുകയെ സംബന്ധിച്ചുള്ള വിശദാംശങ്ങൾ ലഭ്യമാക്കുമോ ;

(സി) പ്രസ്തുത കൗൺസിലിലെയും മറ്റ് അനുബന്ധ സ്ഥാപനങ്ങളിലെയും നിയമനങ്ങൾ പി.എസ്.സി.ക്കു വിടാൻ ഉദ്ദേശിക്കുന്നുണ്ടോ ?



LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) സ.ഉ.(കൈ)01/14/ശാ.സാ.വ. തീയതി 1-2-2014 പ്രകാരം കേരള ശാസ്ത്ര സാങ്കേതിക പരിസ്ഥിതി കൗൺസിലിൽ പെൻഷൻ പദ്ധതി പ്രാവർത്തികമാക്കാൻ സർക്കാർ ഉത്തരവായിട്ടുണ്ട്.

(ബി) കേരള ശാസ്ത്ര സാങ്കേതിക പരിസ്ഥിതി കൗൺസിലിൽ ഒരു സ്വാശ്രയ പെൻഷൻ പദ്ധതി നടപ്പിൽ വരുത്തുന്നതിന് ഒരു തവണയായി 25 കോടി രൂപ ലഭ്യമാക്കുന്നതിനും ആയത് അടുത്ത സാമ്പത്തികവർഷം മുതൽ 3 ഗഡുക്കളായി നൽകുന്നതിനും സർക്കാർ തീരുമാനിച്ചിട്ടുണ്ട്.

(സി) നിലവിൽ കേരള ശാസ്ത്ര സാങ്കേതിക പരിസ്ഥിതി കൗൺസിലിലെയും അനുബന്ധ സ്ഥാപനങ്ങളിലെയും നിയമനങ്ങൾ പി.എസ്.സി.-ക്ക് വിടുന്ന കാര്യം സർക്കാരിന്റെ പരിഗണനയിലില്ല.

**ശാസ്ത്ര സാങ്കേതിക പരിസ്ഥിതി കൗൺസിലിലെ നിയമനങ്ങൾ**

**38 (1698)** ശ്രീ. കെ. വി. അബ്ദുൾ ഖാദർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) കേരള ശാസ്ത്ര സാങ്കേതിക പരിസ്ഥിതി കൗൺസിലിലും അതിന് കീഴിലുള്ള വിവിധ സ്ഥാപനങ്ങളിലും നിയമനങ്ങൾക്ക് സ്വീകരിക്കുന്ന മാനദണ്ഡങ്ങളിൽ പട്ടികജാതി/പട്ടികവർഗ്ഗ/മറ്റു പിന്നോക്ക വിഭാഗ സംവരണ തത്വങ്ങൾ പാലിക്കുന്നതിന് വ്യവസ്ഥ ചെയ്തിട്ടുണ്ടോ ;

(ബി) എങ്കിൽ അതിന്റെ വിശദാംശങ്ങൾ ലഭ്യമാക്കുമോ ;

(സി) പ്രസ്തുത സ്ഥാപനങ്ങളിൽ താൽക്കാലികമായി നിയമിച്ചവരെ സ്ഥിരപ്പെടുത്തുന്നതിൽ സ്വീകരിക്കുന്ന മാനദണ്ഡം എന്താണ് ;

(ഡി) ഇത്തരം നിയമനങ്ങളിൽ സംവരണ തത്വങ്ങളും അനുബന്ധ നിയമങ്ങളും പാലിക്കുന്നുണ്ടോ ; ഇല്ലെങ്കിൽ എന്തുകൊണ്ടാണെന്ന് അറിയിക്കുമോ ?

ഉത്തരം

(എ) ഉണ്ട്.

(ബി) കേരള ശാസ്ത്ര സാങ്കേതിക പരിസ്ഥിതി കൗൺസിൽ ചട്ടം സെക്ഷൻ II പാർട്ട് IV സയന്റിസ്റ്റുകളുടെ നിയമന ചട്ടം 14 പ്രകാരം (അനുബന്ധമായി ചേർക്കുന്നു.)* നിയമനങ്ങൾക്ക് സ്വീകരിക്കുന്ന മാനദണ്ഡങ്ങളിൽ പട്ടികജാതി/പട്ടികവർഗ്ഗ/മറ്റു പിന്നോക്ക വിഭാഗ സംവരണ തത്വങ്ങൾ പാലിക്കുന്നതിന് വ്യവസ്ഥ ചെയ്തിട്ടുണ്ട്. ടെക്നിക്കൽ, അഡ്മിനിസ്ട്രേറ്റീവ് ജീവനക്കാരുടെ നിയമനം ജില്ലാ എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് മുഖേനയാണ് നടത്തുന്നത്. ടി. നിയമനങ്ങൾക്കുള്ള പട്ടിക ലഭ്യമാക്കുന്നത് സംവരണതത്വം പാലിച്ചുകൊണ്ടാണ്. കേരള ശാസ്ത്ര സാങ്കേതിക പരിസ്ഥിതി കൗൺസിലിൽ ചട്ടത്തിൽ പ്രതിപാദിച്ചിരിക്കുന്ന പ്രകാരം പട്ടികജാതി/പട്ടികവർഗ്ഗ/മറ്റു പിന്നോക്ക വിഭാഗങ്ങൾക്ക് അനുവദിച്ചിട്ടുള്ള വയസ്സിളവ് നൽകിവരുന്നുണ്ട്.

(സി & ഡി) വിവരം ശേഖരിച്ചുവരുന്നു.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly